(സി) ആദ്യഘട്ട കമ്മീഷനിംഗ് 31-5-2015-ൽ നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പുതിയ പദ്ധതി പ്രകാരം ശ്രുദ്ധീകരിച്ച വെള്ളം റാന്നി പഞ്ചായത്തിലെ പഴയ സ്കീമിൽ കൂടി 1-11-2013 മുതൽ വിതരണം ചെയ്തുവരുന്നു.

(ഡി) പദ്ധതിയിൽ പൂർത്തീകരിക്കാൻ അവശേഷിക്കുന്ന പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

വേനൽമഴയുടെ കുറവുമൂലമുള്ള കുടിവെള്ളക്ഷാമം

149 (841) ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻവർഷങ്ങളെ അപേക്ഷിച്ച് വേനൽമഴയുടെ ലഭ്യതയിൽ ഈ വർഷം കുറവ് രേഖപ്പെടുത്തിയിട്ടുണ്ടോ : വ്യക്തമാക്കുമോ ;

(ബി) വേനൽമഴയുടെ ലഭ്യതയിലുണ്ടായ കുറവ് കുടിവെള്ളക്ഷാമത്തിന് കാരണമായിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

(സി) എങ്കിൽ കുടിവെള്ള ദൗർലഭ്യം നേരിടുന്ന ജില്ലകൾ ഏതെല്ലാമാണെന്നും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ, ഈ വർഷം ഇതുവരെ കൊല്ലം ജില്ല ഒഴികെ മറ്റ് ജില്ലകളിലൊന്നും വേനൽമഴയുടെ ലഭ്യതയിൽ നോർമൽ വാല്യുവിൽനിന്നും കുറവ് രേഖപ്പെടുത്തിയിട്ടില്ല.

(ബി) വേനൽമഴ കാര്യമായി ലഭിക്കാത്തതിനാൽ സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ ഭാഗികമായി കുടിവെള്ള ക്ഷാമത്തിന് കാരണമായിട്ടുണ്ട്. ജലസ്രോതസ്സുകളിൽ ജലനിരപ്പ് താഴ്ന്നതിനാൽ പമ്പ് ചെയ്യുന്ന വെള്ളത്തിന് കുറവ് വന്നിട്ടുണ്ട്. ആയതിനാൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ജലവിതരണം കുറവായിട്ടുണ്ട്.

(സി) പത്തനംതിട്ട, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, ഇടുക്കി, ആലപ്പുഴ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, വയനാട് എന്നീ ജില്ലകളുടെ പല ഭാഗങ്ങളിലും കുടിവെള്ള ദൗർലഭ്യം നേരിടുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വരൾച്ച കണക്കിലെടുത്ത് കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനായി ധനലഭ്യതയനുസരിച്ചായി താഴെ പറയുന്ന നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു :

1. ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം
2. കേടായ പമ്പ്സെറ്റുകളുടെ അറ്റകുറ്റപ്പണികൾ
3. പമ്പ്സെറ്റുകൾ മാറ്റിവയ്ക്കുന്ന പണികൾ.
4. വാട്ടർലൈനുകളിലുള്ള ലീക്കുകൾ മാറ്റുക.
5. സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ ജലത്തിന്റെ ലഭ്യത അനുസരിച്ച് പൈപ്പ് ലൈനുകൾ നീട്ടുക.
6. തകരാറിലായ പൈപ്പ്ലൈനുകൾ മാറ്റുക.
7. ഡൈവേർഷൻ ചാനലുകൾ മുഖേന നീരൊഴുക്ക് വർദ്ധിപ്പിക്കുകയും സ്രോതസ്സുകളിലേയ്ക്ക് തിരിച്ചുവിടുകയും ചെയ്യുക.
8. ഇൻഫിൽട്രേഷൻ ഗാലറി, കിണറുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കുകയും കുഴൽ കിണറുകൾ ഫ്ളഷ് ചെയ്യുകയും ചെയ്യുക.
9. വാൽവുകൾ നിയന്ത്രിച്ചും, പമ്പിംഗ് സമയം ക്രമീകരിച്ചും നിശ്ചിതസമയം കുടിവെള്ളം നൽകുക മുതലായവ.
10. ടാങ്കർ ലോറികൾ നിറയ്ക്കുന്നതിനായുള്ള ഔട്ട് ലെറ്റുകൾ സ്ഥാപിച്ചും താൽക്കാലിക തടയണ നിർമ്മിച്ചും ജലനിരപ്പ് ഉയർത്തി ജലലഭ്യത മെച്ചപ്പെടുത്തിയും നടത്തിവരുന്നു.

മഴവെള്ള സംഭരണി നിർമ്മാണം

150 (842) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാലയങ്ങളിലും പൊതുസ്ഥാപനങ്ങളിലും മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതിന് പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;